LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ഗവൺമെന്റ് ഭാഗ്യക്കുറികളുടെ പരിഷ്കരണം

*6 [66] ശ്രീ. സി. ടി. അഹമ്മദ് അലി :
,, പി. കെ. അബ്ദുറബ്ബ് :
,, പി. കെ. കെ. ബാവ :
,, സി. മോയിൻകുട്ടി :
,, ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗവൺമെന്റ് ഭാഗ്യക്കുറികൾ പരിഷ്കരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അതനുസരിച്ച് എന്തെല്ലാം മാറ്റങ്ങളാണ് ഭാഗ്യക്കുറി നടത്തിപ്പിൽ വരുത്താൻ ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഇതുമൂലം സർക്കാരിന് കൂടുതൽ ആദായം പ്രതീക്ഷിക്കുന്നുണ്ടോ;

(ഡി) എങ്കിൽ എത്ര എന്ന് വെളിപ്പെടുത്താമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) :

(എ ആന്റ് ബി) ഉണ്ട്. 'ചൈതന്യ' ഭാഗ്യക്കുറിയുടെ സമ്മാനഘടന ഈ മാസം മുതൽ പരിഷ്കരിച്ചിറക്കുന്നുണ്ട്. പെരിയാർ, കൈരളി, സൗഭാഗ്യ എന്നീ ഭാഗ്യക്കുറികളുടെ ടിക്കറ്റുകൾ നല്ല തോതിൽ വില്ക്കപ്പെടുന്നതിനാൽ ഇവയുടെ പരിഷ്കരണത്തെക്കുറിച്ച് ആലോചിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) 20 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

കാർഷിക കയറ്റുമതി മേഖലാ നയം

*7 [67] ശ്രീ. മഞ്ഞളാംകുഴി അലി :
,, പിരപ്പൻകോട് മുരളി :
,, എം. വി. ഗോവിന്ദൻ മാസ്റ്റർ :
,, വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക കയറ്റുമതി മേഖലാ പരിപാടി സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) കയറ്റുമതിക്കുള്ള മുന്നോ നാലോ വിളകളെ മാത്രം പ്രോത്സാഹിപ്പിക്കുന്ന കാർഷിക കയറ്റുമതി മേഖല എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഈ പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് പറയാമോ;

(ഡി) കാർഷിക മേഖലയ്ക്ക് നൽകുന്ന സഹായങ്ങളെല്ലാം ഈ പദ്ധതിയുടെ ഭാഗമായി കയറ്റുമതി വിളകൾക്ക് മാത്രമായി ചുരുക്കുന്നത് നിലവിലുള്ള കൃഷി സമ്പ്രദായത്തെ തകർക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സർക്കാർ പ്രഖ്യാപിച്ച കാർഷിക കയറ്റുമതി മേഖല പദ്ധതിയിൽ ഏതെല്ലാം വിളകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് പറയാമോ; പ്രസ്തുത വിളകളുടെ ഉല്പാദനത്തിനായി ഭൂനിയമത്തിൽ എന്തങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) സംസ്ഥാനത്തുനിന്നുള്ള കയറ്റുമതി പരമാവധി ഉയർത്തുക, ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കുക, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ കയറ്റുമതിയും ഉൽപ്പാദനവും പ്രോത്സാഹിപ്പിക്കുക എന്നിവയിലൂടെ കർഷകർക്ക് പരമാവധി വിലയും കർഷകതൊഴിലാളികൾക്ക് സ്ഥിരമായ തൊഴിലും സൃഷ്ടിച്ച് കൂടുതൽ വിദേശനാണ്യം നേടുകയാണ് പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്.

(ബി) കയറ്റുമതി കൂടി ലക്ഷ്യമിട്ടുള്ള വാഴ, കൈതച്ചക്ക, പച്ചക്കറിവിളകൾ ഉൾപ്പെട്ട പഴം, പച്ചക്കറികൾക്കുവേണ്ടിയുള്ള കാർഷിക കയറ്റുമതി മേഖലയാണ് സംസ്ഥാനത്ത് ആദ്യമായി രൂപീകരിച്ചിട്ടുള്ളത്. ഔഷധ സസ്യങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ, പുകയില എന്നിവയ്ക്കുവേണ്ടിയുള്ള കാർഷിക കയറ്റുമതി മേഖലകൾ രൂപീകരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ പൂർത്തിയായിവരുന്നു.

(സി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ 9 (ഒൻപത്) ജില്ലകൾ ഉൾപ്പെടുത്തിയാണ് പഴം, പച്ചക്കറിക്കുവേണ്ടിയുള്ള കാർഷിക കയറ്റുമതി മേഖല രൂപീകരിച്ചിട്ടുള്ളത്.

കയറ്റുമതിക്കാവശ്യമായ ഭൗതീകവും അല്ലാത്തതുമായ താഴെ പറയുന്ന സാഹചര്യങ്ങൾ കണക്കിലെടുത്താണ് ഈ ജില്ലകൾ തെരഞ്ഞെടുത്തത്.

1. വിമാനത്താവളത്തിന്റെ സാമീപ്യം.
2. തുറമുഖ സൗകര്യം.

LIBRARY ARCHIVES Kerala Legislative Assembly

3. ഗതാഗത സൗകര്യം.

4. നിലവിലുള്ള എക്സ്പോർട്ടിന്റെ രീതി.

5. കയറ്റുമതി ലക്ഷ്യമാക്കിയിട്ടുള്ള വിളകളുടെ നിലവിലുള്ള വിന്യാസം.

(ഡി) കാർഷികമേഖലയ്ക്കു നൽകുന്ന സഹായങ്ങളെല്ലാം ഈ പദ്ധതിയുടെ ഭാഗമായുള്ള വിളകൾക്കു മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല.

(ഇ) വാഴ, പച്ചക്കറികൾ, കൈതച്ചക്ക എന്നീ വിളകൾക്കുള്ള കാർഷിക കയറ്റുമതി മേഖലയാണ് ഇപ്പോൾ രൂപീകരിച്ചിട്ടുള്ളത്. ഭൂനിയമത്തിൽ ഇതിലേക്കായി മാറ്റമൊന്നും വരുത്തിയിട്ടില്ല.

(എഫ്) ഉദിക്കുന്നില്ല.

കൃഷി വകുപ്പിന്റെ 'നാട്ടിൻപുറം' പദ്ധതി

*8 [68] ശ്രീ. പി. എസ്. സുപാൽ :
,, കെ. പി. രാജേന്ദ്രൻ :
,, പി. നാരായണൻ :
,, ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിന്റെ കീഴിൽ "നഗരത്തിൽ നാട്ടിൻപുറം" എന്ന ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതിയിൻകീഴിൽ എന്തെല്ലാമാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിയിൻകീഴിൽ കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളത് എന്നും ഈ പദ്ധതി സംസ്ഥാനത്ത് വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വിശദമാക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഉണ്ട്. തിരുവനന്തപുരം നഗരത്തിലെ 11 റസിഡൻഷ്യൽ കോളനികൾ കേന്ദ്രമാക്കി 2002-2003-ൽ പദ്ധതി ആരംഭിച്ചു.

(ബി) ഈ പദ്ധതിയിൻകീഴിൽ പദ്ധതി പ്രചാരണം, നടീൽ വസ്തുക്കളുടെ വിതരണം, ശാസ്ത്രീയമായ രീതിയിൽ കൃഷി ചെയ്യുന്നതിനുള്ള പരിശീലനം എന്നിവ നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly